# അന്നും ഇന്നും

*കെ. പി. രാമുണ്ണിക്കുട്ടി, I–P. D. C.*

ഭാരതം പലയുഗകാലഘട്ടങ്ങൾ കണ്ടു
പാരിനെ, മനുഷ്യനെയളക്കും ദണ്ഡംകണ്ടു
വിശ്വശാന്തിതൻ മഹാമന്ത്രമുച്ചരിച്ചുള്ള
വിജ്ഞരാം പുരുഷർക്കു പാവനജന്മം നല്കി.
ഓതിനാർ യുഗങ്ങളായ് ഋഷിമാർ "ദയയൊന്നേ
ഭൂതികൾക്കടിസ്ഥാനശിലയായ് വർത്തിക്കുന്നു"
പാടിനാരിതിഹാസകൃത്തുക്കൾ : "ഇജ്ജന്മത്തിൽ
തേടുന്നപുണ്യം ജനസേവനത്തിങ്കൽ കാണാം"
"കർമ്മത്തിൻ വിജയത്തിൻ ജീവിതജയം കാണു"
ധർമ്മജ്ഞൻ മഹാത്മജി മൊഴിഞ്ഞു നിരന്തരം.
കേൾക്കുവാനാരുണ്ടിന്നി,നോക്കുവാനാരു,ണ്ടേതോ
നോക്കുകുത്തികളായ്പ്പോയാദർശ പുരുഷന്മാർ.
കർമ്മസന്ദേശം കാറ്റിൽപറന്ന നാട്ടിൽ കഷ്ടം
കർമ്മരാഹിത്യത്തിന്റെ കാഹളം മുഴങ്ങുന്നു.
മുപ്പിരിയന്മാർ, മൂല്യബോധങ്ങൾ നഷ്ടപ്പെട്ടോർ
ഹിപ്പികൾ, നിർല്ലക്ഷ്യരായ് നീന്തുന്ന നഗരത്തിൽ.
പെണ്ണിന്റെ കൺകോണിലും പണത്തിന്നൗദ്ധത്യത്തിൻ
വിണ്ണിലും ലോകം സത്യസംതൃപ്തി കണ്ടീടുന്നു.
നെട്ടവീട്ടിപ്പിറ്റോനല്ലാത്തുൽക്കട വീര്യത്തോടെ–
യുടവാളേന്താൻ, കവി കരുത്തുനേടീലല്ലോ !

# *എന്റെ നാടിന്റെ മുഖം

എ. പി. കുഞ്ഞാമു, *III B.A.*

ഇന്നലെക്കലാലയ വാതിലിൻ മുൻപിൽത്തിങ്ങി
നിന്നുനീ മുദ്രാവാക്യം മുഴക്കീട്ടദ്ധ്യാപക-
വൃന്ദരെ'ഘെരാവോ'യാൽ കുടുക്കീട്ടാഹ്ലാദം നൃ-
ത്തങ്ങളിനെ രസിക്കവെ നോക്കിനിന്നുഞാനല്പം.

പണ്ടുനാം സാന്ദീപനിമുനിതൻ ഗുരുകുല-
ത്തൊന്നിച്ചു പഠിച്ചനാളോർത്തുപോയ്, അപ്പോഴിവൻ
അന്നു നാം ഗുരുവിന്റെയാജ്ഞയും പേറിക്കാട്ടി-
ലങ്ങിങ്ങുമലഞ്ഞതും, ധന്യത പകർന്നതും.

ഇന്നലെ ബീച്ചിൽ സായന്തനവേളയിൽ കാറിൽ
വന്നുനീയിറങ്ങുന്ന കാഴ്ചയും കണ്ടേൻ, അപ്പോൾ
നിന്നുടെ കയ്യിൽത്തൂങ്ങി നീങ്ങിയപെണ്ണിൻമുഖ-
ത്തന്നത്തെയുറക്കത്തിൻ ക്ഷീണവുമാലസ്യവും
കണ്ടുഞാനൊരിത്തിരി നേരമെൻ നാടിൻമുഖ-
മിങ്ങിനെ വിരൂപമോയെന്നു ഞാനോർത്തു കഷ്ടം.

പെണ്ണിനെ സഹോദരിയായി നോക്കിയ കണ്ണു-
മിങ്ങിനെ തിമിരത്താൽ മൂടിയോ, പൊട്ടിപ്പോയോ ?

---

* വാർഷികദിനത്തോടനുബന്ധിച്ച് നടത്തിയ മത്സരത്തിൽ ഒന്നാം സമ്മാനാർഹമായ കവിത

ഇന്നലെ വേശ്യാലയവാതിലും തേടിക്കാറിൽ
വന്നിറങ്ങിയനിന്നെക്കള്ളുഷാപ്പിലും കണ്ടു
പിന്നെയും പല വേദികളിലും കണ്ടു നിന്നെ
പ്പിന്നെനീയണിഞ്ഞൊരാപ്പൊയ്മുഖങ്ങളും കണ്ടു

കാശുനല്കിനി കാര്യം നേടിടുന്നതും മായം
കൂട്ടിനീയങ്ങാടിയിൽ സാധനം വില്ക്കുന്നതും
കാലുവാരി നീ മന്ത്രിയായിടുന്നതും സ്റ്റേജിൽ
കേറിയാദർശത്തിന്റെ ചാക്കഴിപ്പതും കണ്ടു

അച്ഛനെക്കൊല്ലാൻ കത്തിയോങ്ങിടുന്നതും നിന്റെ
കൊച്ചിനെത്തെരുവീഥി തന്നിലേക്കെറിഞ്ഞതും
തെരുവിൽ, ഹോട്ടൽമുറികളിൽ നീ പൈശാചിക-
നടനം നടത്തുന്ന കാഴ്ചയുമൊക്കെക്കണ്ടു

ഒക്കെയും കണ്ടേൻ ഞാനെൻനാടിന്റെ ഹൃദ്സ്പന്ദനം
ദുഃഖമായ്, കണ്ണീരായെൻ കൺകളിലുറയുന്നു.

ഞാനിതാ, വഴിവക്കിലേകനായ് ഘനീഭൂത-
മാമൊരു ദുഃഖംപോലെ നില്ക്കയാണിരുട്ടിന്റെ
സാഗരംചുററും, മുഖംമൂടികൾ, വെളിച്ചത്തിൻ
രേണുവുംനോക്കിത്തപം ചെയ്കയാണു ഞാനിപ്പോൾ

# പനിനീർപ്പൂവിന്റെ ദുഃഖം

***പി. കെ. ദിവാകരൻ, I B. Sc.***

എന്തിനു കരഞ്ഞു നീ,
പനിനീർപ്പൂവേ നിന്റെ
കണ്ണുകൾ നനഞ്ഞിടാൻ
കാരണം പറയാമോ!

നിന്നിലെ സ്നേഹത്തിന്റെ
തുള്ളികൾ കണ്ണീരായി
മണ്ണിൽ വീഴുവാൻ ഹേതു
കാരണം ചൊല്ലീടാമോ!

"ഭൂമിയിൽസ്സമാധാനം"
എന്ന തൻ തത്വങ്ങളിൽ
വാണൊരു മഹാത്മാവി-
ന്നോർമ്മതൻ കുറിപ്പുകൾ

നിന്നുടെ ഹൃദയത്തെ
വേദനപ്പെടുത്തുന്നോ
നിന്നിലപ്പുസ്സാന്നിദ്ധ്യത്തിൽ
സ്പന്ദനം കേൾക്കുന്നുണ്ടോ?

വിപ്ലവമൂട്ടചോര
മോന്തുവാൻ കൊതിക്കുന്നോ-
രിപ്രഭാതത്തിൻ ചിത്ത-
ത്തുടിപ്പു കേൾക്കുന്നുണ്ടോ?

"പണ്ടെന്റയപ്പൂപ്പന്റെ-
യാന" തൻ കഥ ചൊല്ലി
ക്കൊണ്ടു നാം ഞെളിഞ്ഞപ്പോൾ
നഷ്ടമായ് എല്ലാമെല്ലാം?

പൂർവ്വ സൌഭാഗ്യങ്ങളെ
ച്ചിന്തിച്ചു വ്യാമോഹിച്ചു
ഭ്രാന്തരായ്ത്തീർന്ന ഭാര
തീയരാം നാമെല്ലാരും.

ഉയരാനൊരുങ്ങിയി-
ല്ലൊരു നിർമ്മാണത്തിന്റെ
ക്രിയയിൽ വിമുഖരായ്
ത്തീർന്നുപോയ് മഹാകഷ്ടം.

നാലോകരെല്ലാം നെട്ടം
ഭാവിയെപ്പുണരുമ്പോൾ

ആലസ്യമാണീ നമ്മൾ
കൈക്കൊണ്ട സുഖസ്വാപം

ചിന്തിച്ചതില്ല ഭാവി,
ഭൂതത്തിൻ സൌന്ദര്യത്തിൽ
സുന്ദരസ്വപ്നം നെയ്തു
നഷ്ടമായെല്ലാമെല്ലാം.

വളരെക്കാലം കാര-
കണ്ണുനായ്ക്കിന്നപ്പോൾ
ഉണരുന്നേരം തിന്നാ-
നില്ലാത്തൊരിസ്സന്ദർഭം.

ഇക്കണ്ടതെല്ലാം വെറും
പാഴ്ക്കിനാവാണെന്നുള്ള
സത്യമേ ഘോഷിപ്പതെ-
ന്നൊന്നു നാം ചിന്തിച്ചെങ്കിൽ

ഭാഗ്യമായ് ഇന്നെങ്കിലു
മീയുറക്കത്തിന്നൊരു
ഭംഗമുണ്ടായ് വന്നല്ലോ
തുടങ്ങാമിനി യത്നം.

അത്യന്തമായ് കിട-
ക്കുന്നൊരീക്കാലത്തിന്റെ
അബ്ധിയിലിന്നത്യന്ത
ലഘുവാമൊരു ബിന്ദു

വൈകിയില്ലൊരിക്കലും
ഉണരൂ സ്നേഹത്തിന്റെ
വെളിപാടിതിൽക്കൂടി
ക്കുതിക്കാം മുന്നേറിടാം.

പൊന്തുമീക്കൈകൾ നല്ല
നാളെതൻ സ്വപ്നത്തിനെ
സുന്ദര യാഥാർത്ഥ്യമായ്
മാററട്ടെ, പൊടുന്നനെ

പനിനീരലരിന്ന്
കരയുന്നല്ലോ, നാളെ
ചിരിതൻ പ്രകാശത്തി-
ലൊന്നാണന്നിതന്നെങ്കിൽ!

# Shepherdess - To her lover

Jayasree Sukumaran, II M. A.

Gentle Shepherd, now I feel the grief more keen
Of they absence; at parting thou gave me word,
That thou wilt ever be firm, thy love be true,
Send me sweet rotes of tender love enrich'd
With love's young dreams. O, but where art thou,
With vows of excellent worth, none proved true!
My heart did grieve, days passed in gloom and now,
It's hard to cast my memory back and view
The time when thou wert my desire, my life
My very being, my soul's joy and woe,
'Twas torture to hear of thy new love and wife,
But hark! all has changed in time's speedy flow,
Still, now when in pair and loneliness I turn to think of thee,
Dearest love, thy dear loss seem fresh and new to me.

# * വിരഹിണി

*എം. ഹരിദാസ്, II B. Sc.*

അകലെയായ് വാനം
        ഉടുത്ത ഉമിതൻ
ത്രസിച്ചിട്ടും മാറിൽ
        നനുത്ത പക്ഷ്മത്താൽ
പിടകൊള്ളും ചുണ്ടിൽ
        കലിക കോരുന്ന
പ്രണയക്കോവിലിൻ
        പ്രവേശന ദ്വാരേ

ഇമപൂട്ടാതുള്ള
        വരണ്ട കണ്ണിനാൽ
ചുട്ട നിശ്വാസത്താൽ
        ചുവന്ന കണ്ണിനാൽ
അവനർപ്പിക്കാനായ്
        കൊരുത്ത താമര
മലരുപോലുള്ള
        തുടുത്ത കണ്ണിനാൽ
പ്രതീക്ഷിച്ചു നില്പൂ
        പ്രിയന്റെ തേരിനെ
തുടികൊട്ടും ഹൃത്തിൽ
        പരിഭവവുമായ്–
അരികിലെത്തുവാൻ
        കുതിച്ചിട്ടും വാജീ-
ഗണത്തെ തോല്പിച്ചു
        പറക്കും ഹൃത്തുമായ്

പ്രണയ പാരമ്യാൽ
        പ്രപഞ്ച നീതിയെ
പരിഗണിക്കാതെ
        കുതിച്ചിട്ടും തന്റെ
സഹജരെ താഡി-
        ച്ചമിത വേഗത്തിൽ
അടുത്തിട്ടുംതോറു
        മകവും ദുഃഖത്താൽ
കനംകേറത്തൊരു
        പാറമാതിരി
പറന്നിടുന്നെന്റെ
        വിമൂകതമാന സം
പാണി സവിധത്തിൽ
        കുലെ മോതുവാൻ
കുതിച്ചിട്ടും രഥം
        ജനിപ്പിക്കും രണ്ടു-
തരംഗ മാലകൾ
        ഹൃദയ ഭിത്തിയിൽ
പ്രതിഫലിച്ചതു
        ശ്രവിച്ചു നില്പൂ ഞാൻ.
അകലെ നീലിമ
        കറുത്തിട്ടും വിഫല
ത്തൊരു ചെറുബിന്ദു
        തെളിഞ്ഞു കാണുന്നു.

കരസ്പർശനയുവാൻ
        തിട്ടക്കരത്താഴാത്തു
കുതിച്ചിടുമൊരു
        ചെറുതോണിപോലെ
ഉയരും പുറകൾ
        പരക്കും ധൂളിയാൽ
അകമ്പടി സേവി-
        ച്ചവനെത്തിടുന്നു.
അതിവേഗത്തിനാൽ
        അധിക നേരവും
അവനെക്കാണുവാൻ
        അനുവദിക്കാതെ
അസഹ്യപീഡയാ-
        ലവനോടു ദേഷ്യം
പ്രകടിപ്പിക്കാനെ
        ന്നതുപോലെ പായും
തുരഗത്തെ കാൺകെ
        യവനുടെ രൂപം
അവർക്ക പിന്നിലായ്
        മനസ്സാൽ കാണുന്നു.
എവിടെ യെന്നുടെ
        പ്രിയനവ, നെന്റെ
പ്രിയ ദേവനെങ്ങി
        ന്നവനെക്കൂടാതെ
ഇവിടേക്കെത്തിയ
        പുറപ്പെട്ടനിങ്ങൾ?